# പരിസ്ഥിതി ദൈവശാസ്ത്രം

'ധാന്യ വഴിപാടും പാനീയ വഴിപാടും കർത്താവിന്റെ ആലയത്തിൽ നിന്ന് അറ്റുപോയിരിക്കുന്നു. വയലേലകൾ തരിശായിപ്പോയി; വിളനിലം കേഴുന്നു, കാരണം ധാന്യം നശിച്ചു. മണ്ണിൽ പണിയുന്നവരേ കോതമ്പിനേയും യവത്തേയും കുറിച്ചു നടുങ്ങു; മുന്തിരിപ്പണിക്കാരേ വിലപിക്കു; വയലിലെ വിളവെല്ലാം നശിച്ചിരിക്കുന്നു; തോട്ടത്തിലെ എല്ലാ മരങ്ങളും ഉണങ്ങിയിരിക്കുന്നു; മനുഷ്യപുത്രന്മാരിൽ നിന്നും ആഹ്ലാദം വിട്ടൊഴിഞ്ഞിരിക്കുന്നു.(യോവൽ 1:9-12)'

പരിസ്ഥിതി സംബന്ധിച്ച അവബോധത്തിനായുള്ള യോവലിന്റെ സുവ്യക്തമായ ആഹ്വാനമാണിത്. ബൈബിളിന്റെ പശ്ചാത്തലത്തിൽ മനുഷ്യരാശിയേയും ജീവനെത്തന്നെയും നിർണായകമായി സ്വാധീനിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളെ വിലയിരുത്തുന്ന 'പരിസ്ഥിതി ദൈവശാസ്ത്രം (Eco-theology)' എന്ന ഈ ഗ്രന്ഥത്തിലെ പല യുക്തികളും ഏറെ ചർച്ചാവിഷയമായതാണ്. വൈദികവിദ്യാർത്ഥികൾക്കും വൈദികർക്കും പരിസ്ഥിതി പ്രശ്നങ്ങളെ പരിചയപ്പെടുത്തുന്ന ഗ്രന്ഥമാണിത്. അതോടൊപ്പം പരിസ്ഥിതി വാദം ഉത്തരാധുനികരുടെ ഒരു ഭ്രമം മാത്രമാണെന്ന് ഇന്നും വിശ്വസിക്കുന്നവരുടെ കണ്ണു തുറപ്പിക്കുന്ന വിധത്തിൽ ബൈബിൾ പഴയ നിയമത്തിലെ പ്രവാചകന്മാരുടെ വീക്ഷണങ്ങൾ ഇതിൽ വിശകലനം ചെയ്യുന്നു.

പരിസ്ഥിതി ദൈവശാസ്ത്രം (translation of Eco-theology)
എഡിറ്റർ : ഡേവിഡ്. ജി. ഹാൾമാൻ
വിതരണം: സി. എസ്. എസ്. ബുക്ക് ഷോപ്പ്
പ്രസാധകർ : ദൈവശാസ്ത്ര സാഹിത്യ സമിതി
വില : 40 രൂപ

സഭകളുടെ അഖിലലോക കൗൺസിലിന്റെ പ്രസിദ്ധീകരണ വിഭാഗം പ്രസിദ്ധീകരിച്ച 'എക്കോ തിയോളജി' എന്ന ഗ്രന്ഥത്തിൽ നിന്നും വിവർത്തനം ചെയ്ത പത്തു ലേഖനങ്ങളുടെ സമാഹാരമാണീ പുസ്തകം. റവ. ജോൺ. റ്റി. ജോർജ് വിവർത്തനം ചെയ്ത ലേഖനത്തിൽ പരിസ്ഥിതി ശാസ്ത്രത്തെ ഇങ്ങനെ വിശദീകരിക്കുന്നു. 'പരിസ്ഥിതി ശാസ്ത്രം എന്നതു ഭൂമിയിലെ ദരിദ്രരാക്കപ്പെട്ടവരും നശിപ്പിക്കപ്പെട്ടവരും സാമൂഹ്യ അതിർ വരമ്പുകളിലേക്കു തള്ളപ്പെട്ടവരുമായ ജനങ്ങളുടെ വിമോചനവും അകമാനമായ വികസനവും നേടിയെടുക്കാൻ പര്യാപ്തമായ അനന്ത സാധ്യതകൾ ഉൾക്കൊള്ളുന്ന സജീവവും ക്രിയാത്മകവുമായ ഒരു മേഖലയാണ്.'

സാമൂഹ്യപ്രശ്നങ്ങൾ പരിസ്ഥിതിയുമായി ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് സാമൂഹ്യനീതിയെക്കുറിച്ചുള്ള അന്വേഷണം പാരിസ്ഥിതിക നീതിയിലേക്കു വ്യാപിക്കുന്നു. സഭയുടെ വിശ്വാസം, സാക്ഷ്യം, ജീവിത ശൈലി എന്നിവയെല്ലാം ഈ പശ്ചാത്തലത്തിൽ ചോദ്യം ചെയ്യപ്പെട്ടപ്പോൾ അതിനുള്ള ഉത്തരത്തിനായുള്ള അന്വേഷണവുമായാണ് ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത്. ധനിക, ദരിദ്ര മേഖലാ രാജ്യങ്ങളിൽ നിന്നുള്ള പരിചിന്തനങ്ങൾ ഈ ലേഖനസമാഹാരത്തിൽ ദർശിക്കാം.